ശ്രീ. വി. കെ. വറുഗീസ്: ഈ കമ്മിറ്റി നിയമിച്ചിട്ട് എത്രനാളായി എന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉദ്ദേശം രണ്ടു മാസമായി.

ശ്രീ. വി. കെ. വറുഗീസ്: ഈ കമ്മിറ്റി നിയമിച്ചിട്ട് ഇതുവരെ മീറ്റിംഗ് നടത്തിയിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: മീറ്റിംഗ് കൂടീട്ടുണ്ടെന്നാണ് അറിവ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കമ്മിറ്റിയുടെ റിപ്പോർട്ട് എന്നു സമർപ്പിക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നതും വേഗത്തിൽ സമർപ്പിക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളതു്.

Sri. D. Gnanasigamoni: May I know which Press printed the question papers?

The Hon'ble Sri. T. K. Narayana Pillai: A Press in Madras.

***2379.** [4] This question was not put.

EXTENSION OF ELECTRIC AND TELEPHONE LINES

***2383.** [5] **Sri. V. K. Varghese:** Will the Hon'ble Minister for Health and Power be pleased to state:—

(*a*) the places where Government intend to extend electric and telephone lines this year;

(*b*) places originally programmed by the Department for the extension of the same this year; and

(*c*) whether the town of Pathanamthitta was included in the original plan?

The Hon'ble Sri. E. John Philipose:

(*a*) *Places where extension of electricity is proposed this year.*—

Kalady, Kozhenchery, Aymanam, Karunagapally, Kattanam, Sacred Heart Mount, Varkala, Navaikulam, Kadakkavoor, Chirayinkil, Chathannoor, Manjummel, Pandalam, Adoor, Aranmula, Arattupuzha, Avanavancherry, Kottiyam, Mayyanad, Paravoor, Parassala, Kaleekkavila, Thiruvithamcode, Eraniel, Neyyoor, Thuckalai, Thiruvattar, Centres adjacent to Nagarcoil, Cape Comorin.

Places where extension of telephone line is proposed this year.—

Karunagapally, Varkalai, Mayyanad, Chathannoor, Karthikapally, Athirampuzha, Eloor, Kadapra, Mankombu, Pathanapuram, Pathanamthitta, Kurupumpady.

(*b*) *Places originally programmed for the extension of electricity this year.*—

Parur, Kalady, Changanacherry, Pallom, Thiruvalla, Chengannoor, Kozhencherry, Puncha area, Kayamkulam, Karunagappally, Alleppey, Shertallai, Ambalapuzha, Balaramapuram; Kuzhithurai, Neyyattinkara, Kuthiathodu, Punnapra, Thottapally, Peermade, Mundakayam.

Places originally programmed for the extension of telephone this year.—

Kuthiathodu, Pathanamthitta, Ochira, Varkala, Nedumangadu, Thekkadi, Pulinkunnu, Mankombu.

(*c*) The original programme of extension of electricity did not cover Pathanamthitta. Telephone line extension to Pathanamthitta was included in the 7 year plan of telephone extension and the work is scheduled for 1125.

ശ്രീ. എം. ഐ. പാപ്പം: കൊച്ചീരാജ്യത്തു് എവിടെയെങ്കിലും ഇലക്ട്രിസിറ്റി എക്സ്റ്റൻഡുചെയ്യാനുള്ള ആലോചനയുണ്ടോ?

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: പലേടത്തും എക്സ്റ്റെൻഷൻ കൊടുത്തിട്ടുണ്ടു്. ഇനിയും കൊടുക്കുന്ന കാര്യത്തെപ്പറ്റി ഗവണ്മെണ്ടു് ആലോചിക്കുന്നുമുണ്ടു്.

ശ്രീ. എം. ഐ. പാപ്പം: ഇപ്പോൾ വായിച്ച ലിസ്റ്റിൽ അതൊന്നും കണ്ടില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഇപ്പോൾ ഇവിടെ വായിച്ച ലിസ്റ്റ് തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളമുള്ളതാണ്. കൊച്ചിയിൽ പലസ്ഥലത്തും എക്സ്റ്റെൻഷൻ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ ആഴ്ചയിൽ ചേപ്പ് മുതലായ സ്ഥലങ്ങളിൽ എക്സ്റ്റെൻഷൻ കൊടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്.

ശ്രീ. എം. ഐ. പാഠം: കടലോരപ്രദേശങ്ങളിൽ എക്സ്റ്റെൻഷൻ കൊടുക്കാൻ ആലോചനയുണ്ടോ?

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതേപ്പറ്റിയും ആലോചിക്കാം. എന്നാൽ ഫൈനാൻഷ്യൽ ഇംപ്ലിക്കേഷൻസിനേയും പബ്ലറിനേയും ആശ്രയിച്ചായിരിക്കും അതു നടപ്പിൽ വരുന്നതു്.

ശ്രീ. ഇ. പി. പൗലോസ്: രണ്ടുദിവസം മുമ്പു് ഇവിടെ വായിച്ച ലിസ്റ്റും ഇന്നു വായിച്ച ലിസ്റ്റും തമ്മിൽ വ്യത്യാസം കാണുന്നതെന്തുകൊണ്ടാണു്?

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: വ്യത്യാസം എന്താണന്നു പറഞ്ഞാൽ ഞാൻ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. ഇ. പി. പൗലോസ്: ഇനിയും ഏതാനും സ്ഥലങ്ങളിലേക്കു് എക്സ്റ്റെൻഡു ചെയ്യുന്നുണ്ടെന്നു് അന്നു പറയുകയുണ്ടായി. അതു് ഇന്നു വായിച്ച ലിസ്റ്റിൽ കണ്ടില്ല.

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: കുത്താട്ടുകുളത്തേക്കു് എക്സ്റ്റെൻഡു ചെയ്യാനുള്ള കാര്യത്തെ സംബന്ധിച്ചാണോ പറയുന്നതു്? അക്കാര്യവും സാങ്ക്ഷൻ ചെയ്യാൻ ഗവണ്മെണ്ടു് ആലോചിക്കുന്നുണ്ടു്. ഇതുകൂടാതെ "ഗ്രോ മോർ ഫുഡ്" സ്കീം അനുസരിച്ചും പെട്ടെന്നു് എക്സ്റ്റെൻഷൻ കൊടുക്കുന്നുണ്ടു്. അതുകൊണ്ടു് ഇവിടെ വായിച്ച ലിസ്റ്റനുസരിച്ചു മാത്രമേ ഇലക്ട്രിസിറ്റി എക്സ്റ്റെൻഡുചെയ്യുള്ളു എന്നു തീരുമാനിക്കാൻ പാടില്ല.

ശ്രീ. പി. കെ. ഡീവർ: ടെലിഫോൺ എക്സ്റ്റെൻഷൻ വൈപ്പിൻ ഐലൻറിലേക്കു കൊടുക്കാൻ ആലോചിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: തിരുവിതാംകൂർ–കൊച്ചി യൂണിയനിൽപെട്ട സ്ഥലത്തേക്കു മാത്രമാണു് ഇപ്പോൾ കൊടുത്തുവരുന്നതു്. വൈപ്പിൻ ഐലൻഡ് ബ്രിട്ടീഷു് പ്രദേശങ്ങളിൽപ്പെട്ടതാണു്.

ശ്രീ. പി. കെ. ഡീവർ: പറവൂർനിന്നും അങ്ങോട്ടു ലൈൻ എക്സ്റ്റെൻഡുചെയ്യുകുടേ?

The Hon'ble Sri. E. John Philipose: The point will be noted.

COMPLAINTS AGAINST MR. ACHUTHAN D.S.P.

***2384.** [6] **Sri D. Gnanasigamoni:** Will the Hon'ble Minister for Law and Order be pleased to state:—

(*a*) whether any enquiry was conducted on the complaint of one Mr. M. R. Gopala Pillai against D.S.P. Mr. Achuthan and others in respect of an incident which happened at Nagercoil; and

(*b*) if so, the outcome of such enquiry;

The Hon'ble Sri. T. K. Narayana Pillai:

(*a*) Yes; by the Division First Class Magistrate, Trivandrum.

(*b*) The enquiry has revealed that Mr. Gopala Pillai was removed to the Police Station (Kottar) as he was creating disturbance on the public road and he was beaten with a cane on the night of 24th Makaram 1123 there. The Police had also taken up a case against the petitioner under sections 35, 42, 50 (XX) and 53 of the Police Act. For this assault on Mr. Gopala Pillai the Inspector Sri. P. Venkiteswaran was placed under suspension for one month and his increment was with-held for one year. Enquiry did not reveal that Assistant Superintendent of Police Mr. Achuthan had any hand in the assault.

Sri. D. Gnanasigamoni: May I know whether the enquiry was conducted *in camera*?

The Hon'ble Sri. T. K. Narayana Pillai: I am not in a position to say whether it was in camera or an open enquiry now.

LIBRARY ARCHIVES Kerala Legislative Assembly